ഭരണഭാഷ - മാതൃഭാഷ

# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം : - നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം സാങ്കേതികവിഭാഗം -പാലക്കാട് ജില്ല - ചെർപ്പുളശ്ശേരി നഗരസഭ - ചെർപ്പുളശ്ശേരി വില്ലേജ് - പെട്രോൾ പമ്പ് കെട്ടിട നിർമ്മാണം -ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1. പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 04/11/2019 -ലെ ടി.പി1-8280/19 നമ്പർ കത്ത്.

2. പാലക്കാട് ടൗൺ പ്ലാനറുടെ 06/12/2019-ലെ TCPPKD/1456/2019-C നമ്പർ കത്ത്

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. TCPCTP/3159/2019 തീയതി : **16/01/2020**

---

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭ പരിധിയിലുള്ള ചെർപ്പുളശ്ശേരി വില്ലേജിൽ റീ സർവ്വേ നം. 317-ൽ ഉൾപ്പെടുന്ന 0.1085 ഹെക്ടർ സ്ഥലത്ത് 225.25 ച.മീ വിസ്തീർണ്ണമുള്ള (Sales Office-33.25 ച.മീ+ Canopy Area-192 ച.മീ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഷമീർ, ശ്രീമതി. ജസീല, ശ്രീ. ജാഫർ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. വിഭാവനം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 1999-നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം, റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമം 1999-ലെ റൂൾ 59(15), 59(16) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ സർവ്വീസ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008-നും തുടർന്ന് 2018-ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി ത്രപപ്പെടുത്തേണ്ടതാണ്.

7. സാനിറ്റേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.
9. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. കെ.എം.ബി.ആർ 99 ചട്ടം 59(9) പ്രകാരം നിർമ്മാണം പെട്രോളിയം റൂൾസ് 1976-നു അനുസൃതമായിരിക്കണം.
11. മേൽ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണാനുമതിയും ഒക്യുപ്പൻസിയും നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : **8/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം - ഒരു സൈറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം, പിൻ-695 103, തിരുവനന്തപുരം

**ജയശ്രീ.പി.ആർ**
**ടൗൺ പ്ലാനർ**

സെക്രട്ടറി
ചെർപ്പുളശ്ശേരി നഗരസഭ
ചെർപ്പുളശ്ശേരി.പി.ഒ, പാലക്കാട്-679503

പകർപ്പ് -
1. ശ്രീ. ഷമീർ & ശ്രീമതി.ജസീല, വീരാളിക്കാട്ടിൽ ഹൗസ്, കാട്ടുപ്പാറ, ചേലക്കാട്, മലപ്പുറം-679323
2. ശ്രീ. ജാഫർ, പുളിമന്തൊടി ഹൗസ്, ഉൗത, മലപ്പുറം-679323.
3. ടൗൺ പ്ലാനർ, പാലക്കാട്.
4. വെബ് സൈറ്റ്.
5. കരുതൽ ഫയൽ
6. അധികം

*S13012020*